# PSC Lower Division Clerk Various 2014 - Ernakulam Examination Previous Year Question Paper

***Exam Name:*** *Lower Division Clerk Various 2014 - Ernakulam*

***Question Paper Code: 001/2014M***

***Medium of Questions: Malayalam***

www.pscnet.in

# 1/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. 5, 9, 4, 8, 3, 7 ...... എന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത്?

   (A) 5 (B) 2

   (C) 4 (D) 3

2. ഒരു ക്ലോക്കിൽ സമയം 12.15 ആയാൽ മണിക്കൂർ സൂചിയും മിനിറ്റ് സൂചിയും ഉണ്ടാക്കുന്ന കോണിന്റെ അളവ് എത്ര ഡിഗ്രി?

   (A) $90^\circ$ (B) $72\frac{1}{2}^\circ$

   (C) $82\frac{1}{2}^\circ$ (D) $70^\circ$

3. ക്ലോക്കിലെ സമയം 9.20 ആണ്. ഒരു കണ്ണാടിയിൽ അതിന്റെ പ്രതിബിംബം കാണിക്കുന്ന സമയം എത്ര?

   (A) 2.40 (B) 3.50

   (C) 11.60 (D) 6.20

4. 2012 ഒക്ടോബർ ഒന്ന് തിങ്കളാഴ്ചയാണ് എന്നാൽ 2012 നവംബർ ഒന്ന് ഏത് ആഴ്ച ആയിരിക്കും?

   (A) ചൊവ്വ (B) ബുധൻ

   (C) വ്യാഴം (D) വെള്ളി

5. അർദ്ധഗോളാകൃതിയിലുള്ള ഒരു പാത്രത്തിൽ 3 ലിറ്റർ വെള്ളം കൊള്ളും. അതിന്റെ ഇരട്ടി ആരമുള്ള അർദ്ധഗോളാകൃതിയിലുള്ള മറ്റൊരു പാത്രത്തിൽ എത്ര ലിറ്റർ വെള്ളം കൊള്ളും?

   (A) 9 (B) 12

   (C) 18 (D) 24

6. $3^7 + 3^7 + 3^7 = 3^x$ ആയാൽ $x$ എത്ര?

   (A) 8 (B) 21

   (C) 4 (D) 3



fb.com/pscnet.in

7. 6 ന്റെ ഘടകങ്ങളുടെ വ്യുൽക്രമങ്ങളുടെ തുകയെത്ര?

(A) 12
(B) $\frac{5}{6}$
(C) 2
(D) 1

8. $\frac{1}{2}+\frac{1}{4}+\frac{1}{8}+\frac{1}{16}+\frac{1}{32}+\frac{1}{64}+\frac{1}{128}+x=1$ എങ്കിൽ $x$ ന്റെ വിലയെത്ര?

(A) $\frac{1}{2}$
(B) $\frac{1}{8}$
(C) $\frac{1}{32}$
(D) $\frac{1}{128}$

9. തുടർച്ചയായ ആദ്യത്തെ എത്ര ഒറ്റസംഖ്യകളുടെ തുകയാണ് 100?

(A) 9
(B) 10
(C) 8
(D) 11

10. 5 ന്റെ 80 ശതമാനമാണ് 4. എന്നാൽ 4 ന്റെ എത്ര ശതമാനമാണ് 5?

(A) 125%
(B) 80%
(C) 100%
(D) 150%

11. ഒരു ക്ലാസ്സിലെ 40 കുട്ടികളുടെ ശരാശരി വയസ്സ് 14. ടീച്ചറേയും കണക്കിലെടുത്താൽ ക്ലാസ്സിലെ ശരാശരി ഒന്ന് കൂടുന്നു. എങ്കിൽ ടീച്ചറുടെ വയസ്സ് എത്ര?

(A) 50
(B) 55
(C) 54
(D) 51

12. രാമു ഒരു ജോലി 6 ദിവസം കൊണ്ടും രാജു അതേ ജോലി 18 ദിവസം കൊണ്ടും ചെയ്യും. രണ്ടുപേരും ചേർന്നു ജോലി ചെയ്താൽ മുഴുമിക്കാൻ എത്ര ദിവസം വേണം?

(A) 4
(B) 5
(C) 4.5
(D) 5.5

13. 4, 8, $x$ ഇവ അനുപാതത്തിലായാൽ $x$ ന്റെ വില എത്ര?

(A) 12
(B) 10
(C) 16
(D) 11



fb.com/pscnet.in

www.pscnet.in

14. $42.03 + 1.07 + 2.5 + 6.432 =$

(A) 54.132 (B) 52.032

(C) 52.132 (D) 52.232

15. താഴെ കൊടുത്തവയിൽ ചെറിയ ഭിന്നം ഏത്?

(A) $\frac{8}{9}$ (B) $\frac{8}{10}$

(C) $\frac{8}{15}$ (D) $\frac{8}{8}$

16. ഈ സംഖ്യകളിൽ ഒന്നുമാത്രം വ്യത്യസ്തം. അതേത്?

(A) 732 (B) 543

(C) 606 (D) 605

17. 1, 22, 333, 4444, 55555, ...... എന്ന ശ്രേണിയിലെ 12-ാം പദത്തിലെ അക്കങ്ങളുടെ തുക എത്ര?

(A) 36 (B) 48

(C) 144 (D) 120

18. അനുവിന്റെ ഇപ്പോഴത്തെ വയസ്സ് 3 വർഷത്തിനുശേഷമുള്ള വയസ്സിന്റെയും 3 വർഷത്തിനു മുമ്പുള്ള വയസ്സിന്റെയും വ്യത്യാസത്തിന്റെ 3 മടങ്ങാണ്. അനുവിന്റെ ഇപ്പോഴത്തെ വയസ്സ് എത്ര?

(A) 15 (B) 16

(C) 18 (D) 12

19. $3\times3-3\div3\times3\div3-3$ എത്ര?

(A) 6 (B) 3

(C) 9 (D) 5

20. $a\times\frac{a}{8}\times\frac{a}{27}=1$ ആയാൽ $a =$

(A) 6 (B) 3

(C) 7 (D) 4



fb.com/pscnet.in

www.pscnet.in

21. ബോളിവുഡ് താരം സഞ്ജയ്ദത്തിനെ പാർപ്പിച്ചിരിക്കുന്ന ജയിൽ ഏത്?

(A) യർവാദാ ജയിൽ (B) തിഹാർ ജയിൽ
(C) ബിർസാമുണ്ടാ സെൻട്രൽ ജയിൽ (D) വിയ്യൂർ ജയിൽ

22. ''സ്കൂളിലെ തറയിൽ ഇരുന്ന് പഠിക്കുന്നതൊന്നും എനിക്ക് പ്രശ്നമല്ല - എനിക്കു വേണ്ടത് വിദ്യാഭ്യാസമാണ്''. ആരുടെ വാക്കുകളാണിത്?

(A) ജോർജ്ജ് വാഷിംഗ്ടൺ (B) ഡോ. ബി.ആർ. അംബേദ്കർ
(C) മലാലാ യൂസഫ് സായ് (D) കെ.ആർ. നാരായണൻ

23. ഈയിടെ അന്തരിച്ച ജനറൽ വോ യെൻയുയെൻ ഗിയാപ്പ് ഏത് രാജ്യത്തെ വിപ്ലവ നേതാവായിരുന്നു?

(A) ചൈന (B) ബംഗ്ലാദേശ്
(C) വിയറ്റ്നാം (D) സൊമാലിയ

24. 'ക്രൗച്ചിംഗ് ടൈഗർ ആൻഡ് സേക്രഡ് കൗസ്' എന്ന പുസ്തകം ആരുടേതാണ്?

(A) പാബ്ലോ നെരൂദ (B) അനിതാ ദേശായ്
(C) തസ്‌ലീമ നസ്രീൻ (D) അരുൺ കുമാർ

25. 2013 ലെ വൈദ്യശാസ്ത്ര നോബലിന് അർഹമായത് എന്തിന്റെ കണ്ടുപിടുത്തത്തിനാണ്?

(A) എയ്ഡ്സിന് ഔഷധം
(B) സസ്യപോഷണ രഹസ്യം
(C) കോശങ്ങളിലെ കാർഗോ സംവിധാനം
(D) കൃത്രിമ ജീനുകൾ ഉപയോഗിച്ച് വംശനാശം നേരിട്ടു കൊണ്ടിരിക്കുന്ന ജീവികളെ സംരക്ഷിക്കൽ

26. 4 $cm^2$ വിസ്തീർണ്ണമുള്ള ഒരു സോളാർസെല്ലിന് നൽകാൻ കഴിയുന്ന കറന്റ് എത്ര?

(A) 20 മില്ലി ആമ്പയർ (B) 60 മില്ലി ആമ്പയർ
(C) 120 മില്ലി ആമ്പയർ (D) 150 മില്ലി ആമ്പയർ

27. സ്ഥിരമായ ഊഷ്മാവിൽ ഒരു വാതകത്തിന്റെ വ്യാപ്തവും മർദ്ദവും വിപരീതാനുപാതത്തിലാണ്. ഈ നിയമം ഏത് പേരിൽ അറിയപ്പെടുന്നു?

(A) ബോയിൽ നിയമം
(B) ചാൾസ് നിയമം
(C) ഗേലുസാക്കിന്റെ വ്യാപ്ത സംയോജന നിയമം
(D) അവഗാഡ്രോ നിയമം

28. താഴെ പറയുന്നവയിൽ ആന്റിപൈററ്റിക്കുകൾ എന്ന വിഭാഗത്തിൽ പെടുന്നത് ഏത്?

(A) ക്ലോറോംഫെനിക്കോൾ (B) ആംപിസിലിൻ
(C) പാരസെറ്റമോൾ (D) നൊവാൾജിൻ

29. എൻഡോസൾഫാന്റെ പ്രധാന ഘടകം ഏത്?

(A) ഓർഗാനോ ഫോസ്ഫേറ്റ് (B) ഓർഗാനോ നൈട്രേറ്റ്
(C) ഓർഗാനോ സൾഫേറ്റ് (D) ഓർഗാനോ ക്ലോറൈഡ്



fb.com/pscnet.in

www.pscnet.in

30. ഏറ്റവും പൊക്കം കൂടിയ സപുഷ്പിയായ സസ്യം ഏത്?
   (A) സെക്വയ
   (B) യൂക്കാലിപ്റ്റസ്
   (C) മുള
   (D) പൈൻ മരം

31. ഒരു ചാലകത്തിലോ ചുരുളിലോ ബാഹ്യ ഇ.എം.എഫ്. പ്രേരിതമാകുന്ന പ്രതിഭാസമാണ് :
   (A) മ്യൂച്ചൽ ഇൻഡക്ഷൻ
   (B) സെൽഫ് ഇൻഡക്ഷൻ
   (C) തോംസൺ ഇഫക്റ്റ്
   (D) ഇവയൊന്നുമല്ല

32. എം.എസ്. സ്വാമിനാഥൻ വികസിപ്പിച്ച ഗോതമ്പിനം ഏത്?
   (A) ഗിരിജ
   (B) സോന
   (C) സോണാലിക
   (D) സർബതി സൊണോറ

33. താഴെ പറയുന്നവയിൽ സങ്കരവർഗ്ഗം പശു ഏത്?
   (A) സുനന്ദിനി
   (B) വെച്ചൂർ പശു
   (C) കാസർഗോഡ് ഡ്വാർഫ്
   (D) സിന്ധി പശു

34. ഏതു രോഗത്തിന്റെ ശാസ്ത്രീയ നാമമാണ് 'ബൊവൈൻ സ്പോഞ്ചിഫോം എൻസഫലോപ്പതി'?
   (A) മാനസിക വിഭ്രാന്തി
   (B) പക്ഷിപ്പനി
   (C) പന്നിപ്പനി
   (D) ഭ്രാന്തിപ്പശു രോഗം

35. ബി.ടി. വഴുതനയിലെ ബി.ടി.യുടെ പൂർണ്ണരൂപം :
   (A) ബെയ്സിലസ് ടെൻഡേർഡ് ടെക്നോളജി
   (B) ബയോ ടെക്നോളജി
   (C) ബ്ലെൻഡിംഗ് ടെക്നോളജി
   (D) ബെയ്സിലസ് ത്യൂറിൻ ജിയൻസിസ്

36. ദേശീയ ക്രിക്കറ്റ് അക്കാദമി ചെയർമാൻ :
   (A) എൻ. ശ്രീനിവാസൻ
   (B) ടി.സി. മാത്യു
   (C) ജയേഷ് ജോർജ്ജ്
   (D) കെ. ജയറാം

37. യു.എൻ. ആഭിമുഖ്യത്തിലുള്ള രാസായുധ നിരോധന സംഘടന ഏത്?
   (A) OPCW
   (B) CWBTO
   (C) OPEC
   (D) IUCN

38. ബഹിരാകാശ നിലയത്തിലേക്ക് ചരക്കുകൾ എത്തിക്കാൻ വേണ്ടി അമേരിക്ക വിക്ഷേപിച്ചു വിജയിച്ച മനുഷ്യനില്ലാത്ത പേടകം ഏത്?
   (A) സൈഗ്നസ്
   (B) മറീനർ-10
   (C) എക്സകവേറ്റർ
   (D) ഒഡീസി

39. അറേബ്യ ടെറ യെന്ന ഗർത്തം എവിടെ കാണപ്പെടുന്നു?
   (A) ചന്ദ്രനിൽ
   (B) ചൊവ്വയിൽ
   (C) ബുധനിൽ
   (D) യറാനസിൽ

40. 2013 ലെ ലോകസുന്ദരിപ്പട്ടം കരസ്ഥമാക്കിയത് :
   (A) മേഗൻ യങ്
   (B) സോണി ആൻഡ്രൂസ്
   (C) സിലീന മരിയ
   (D) ജിമുഖിൻ ദിമിത്രി



fb.com/pscnet.in
PSCNET.in

www.pscnet.in

41. ഇന്ത്യയുടെ വിദേശനയത്തിന് വ്യക്തമായ രൂപരേഖ തയ്യാറാക്കിയത് ആരാണ്?

(A) വി.പി. മേനോൻ
(B) സർദാർ വല്ലഭ ഭായ് പട്ടേൽ
(C) ഡോ. ബി.ആർ. അംബേദ്കർ
(D) ജവഹർലാൽ നെഹ്റു

42. താജ്മഹൽ സ്ഥിതിചെയ്യുന്നത് ഏത് നദിയുടെ തീരത്താണ്?

(A) സിന്ധു
(B) യമുന
(C) മഹാനദി
(D) കാവേരി

43. 'അഷ്ടപ്രധാൻ' എന്നറിയപ്പെടുന്നത് ആരുടെ മന്ത്രിസഭയായിരുന്നു?

(A) ശിവജി
(B) അക്ബർ
(C) കൃഷ്ണദേവരായർ
(D) ബാബർ

44. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ദേശീയപാത ഏതാണ്?

(A) NH 10
(B) NH 5
(C) NH 17
(D) NH 7

45. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം അരംഭിച്ചത് എവിടെ നിന്നാണ്?

(A) കാൺപൂർ
(B) ഗ്വാളിയർ
(C) മീററ്റ്
(D) ഭരത്പൂർ

46. ഇന്ത്യൻ ഫെഡറൽ സംവിധാനത്തിന്റെ സംരക്ഷകൻ എന്നറിയപ്പെടുന്നത് :

(A) രാഷ്ട്രപതി
(B) മൗലികാവകാശങ്ങൾ
(C) സുപ്രീംകോടതി
(D) പ്രധാനമന്ത്രി

47. ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിട്ടുകളുടെ എണ്ണം :

(A) 5
(B) 6
(C) 3
(D) 4

48. ഇന്ത്യയുടെ ഒന്നാം പഞ്ചവത്സര പദ്ധതി പ്രവർത്തനം ആരംഭിച്ച വർഷം ഏത്?

(A) 1954
(B) 1951
(C) 1953
(D) 1950



PSCNET.in

fb.com/pscnet.in

49. ഇന്ത്യയുടെ ആസൂത്രണ കമ്മീഷന്റെ ചെയർമാൻ ആരാണ്?

(A) കേന്ദ്ര ധനകാര്യമന്ത്രി
(B) പ്രധാനമന്ത്രി
(C) രാഷ്ട്രപതി
(D) റിസർവ്വ് ബാങ്ക് ഗവർണ്ണർ

50. ഇന്ത്യയുടെ കേന്ദ്രബാങ്കായ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം എവിടെയാണ്?

(A) ഡൽഹി
(B) ചെന്നൈ
(C) ജംഷഡ്പൂർ
(D) മുംബൈ

51. എത്രാം പഞ്ചവത്സര പദ്ധതിയിലാണ് സ്ത്രീശാക്തീകരണം മുഖ്യ ഇനമാക്കിയിരുന്നത്?

(A) 10
(B) 8
(C) 7
(D) 9

52. കേരളത്തിന്റെ വനിതാ കമ്മീഷന്റെ പ്രഥമ ചെയർപേഴ്സൺ ആരായിരുന്നു?

(A) ലിസി ജോസ്
(B) ബി. സുഗതകുമാരി
(C) എം. കമലം
(D) എം. ലീലാവതി

53. മനുഷ്യാവകാശ സങ്കല്പത്തിന് ഉത്തേജനം നല്കിയ സംഘടന ഏത്?

(A) ലീഗ് ഓഫ് നേഷൻസ്
(B) ലോക സോഷ്യൽ ഫോറം
(C) ലോബയാൻ
(D) ഐക്യരാഷ്ട്ര സംഘടന

54. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അദ്ധ്യക്ഷൻ ആരായിരിക്കും?

(A) രാഷ്ട്രപതി
(B) ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന വ്യക്തി
(C) സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്ന വ്യക്തി
(D) ഗവർണ്ണർ

55. വിവരാവകാശവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?

(A) അപേക്ഷാ ഫീസ് 10 രൂപയാണ്
(B) അപേക്ഷ സമർപ്പിച്ചാൽ 15 ദിവസത്തിനുള്ളിൽ വിവരങ്ങൾ ലഭിക്കും
(C) ഈ നിയമം നിലവിൽ വന്നത് 2005-ൽ ആണ്
(D) രാജ്യത്തിന്റെ പൊതുതാല്പര്യത്തിന് ഹാനികരമാകുന്ന നിയമങ്ങൾ ഒഴികെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങളിൽ നിന്ന് വിവരം ലഭിക്കും



fb.com/pscnet.in

56. കുടികിടപ്പുകാർക്ക് പത്ത് സെന്റ് വരെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പതിച്ചു കൊടുക്കാൻ ലക്ഷ്യമിട്ട ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്ന വർഷം ഏത്?

(A) 1970 (B) 1969
(C) 1972 (D) 1973

57. കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനം ഏത്?

(A) തിരുവനന്തപുരം (B) എറണാകുളം
(C) തൃശ്ശൂർ (D) കോട്ടയം

58. സമുദ്രനിരപ്പിൽ നിന്ന് താഴ്ന്ന ഈ പ്രദേശം കേരളത്തിലാണ് സ്ഥിതിചെയ്യുന്നത്. ഏതാണ് ഈ പ്രദേശം?

(A) വൈക്കം (B) കുട്ടനാട്
(C) കോടനാട് (D) കൊച്ചി

59. കശുവണ്ടി വ്യവസായത്തിന് പ്രസിദ്ധമായ ജില്ല ഏത്?

(A) വയനാട് (B) പത്തനംതിട്ട
(C) ആലപ്പുഴ (D) കൊല്ലം

60. നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന കായൽ ഏതാണ്?

(A) വേമ്പനാട്ടു കായൽ (B) പുന്നമട കായൽ
(C) ശാസ്താംകോട്ട കായൽ (D) അഷ്ടമുടി കായൽ

61. റൂർക്കല ഇരുമ്പുരുക്ക് നിർമ്മാണശാല സ്ഥിതിചെയ്യുന്ന സംസ്ഥാനം ഏത്?

(A) ഒറീസ്സ (B) ബീഹാർ
(C) മദ്ധ്യപ്രദേശ് (D) ഉത്തർപ്രദേശ്

62. ഇന്ത്യയുടെ ഏറ്റവും കിഴക്കേ അറ്റത്തുള്ള സംസ്ഥാനം ഏത്?

(A) ആസ്സാം (B) ഝാർഖണ്ഡ്
(C) ബീഹാർ (D) അരുണാചൽ പ്രദേശ്

63. ഹിരാക്കുഡ് നദീതടപദ്ധതിയുമായി ബന്ധപ്പെട്ട നദി ഏതാണ്?

(A) കൃഷ്ണ (B) ഗോദാവരി
(C) മഹാനദി (D) കാവേരി



fb.com/pscnet.in

www.pscnet.in

64. ഇന്ത്യയിലൂടെ കടന്നുപോകുന്ന പ്രധാന അക്ഷാംശരേഖ ഏതാണ്?

(A) ഉത്തരായനരേഖ (B) ഭൂമദ്ധ്യരേഖ

(C) ദക്ഷിണായനരേഖ (D) ആർട്ടിക്‌വൃത്തം

65. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മേജർ തുറമുഖങ്ങൾ ഉള്ള സംസ്ഥാനം ഏത്?

(A) കേരളം (B) തമിഴ്നാട്

(C) ആന്ധ്രാപ്രദേശ് (D) ഒറീസ്സ

66. ഗാന്ധി-ഇർവ്വിൻ സന്ധി ഒപ്പുവയ്ക്കപ്പെട്ട വർഷം ഏത്?

(A) 1934 (B) 1930

(C) 1931 (D) 1932

67. ഏത് സത്യാഗ്രഹവുമായി ബന്ധപ്പെട്ടാണ് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സവർണ്ണജാഥ സംഘടിപ്പിക്കപ്പെട്ടത്?

(A) ചമ്പാരൻ സത്യാഗ്രഹം (B) ഉപ്പ് സത്യാഗ്രഹം

(C) ഗുരുവായൂർ സത്യാഗ്രഹം (D) വൈക്കം സത്യാഗ്രഹം

68. ഇന്ത്യൻ ബഹിരാകാശപദ്ധതിയുടെ പിതാവായി കരുതുന്നത് ആരെയാണ്?

(A) ഹോമി. ജെ. ഭാഭ (B) വിക്രം സാരാഭായ്

(C) എ.പി.ജെ. അബ്ദുൾ കലാം (D) അരുൺ തിവാരി

69. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലക്ഷ്യം 'പൂർണ്ണസ്വരാജ്' എന്ന് പ്രഖ്യാപിച്ച 1929 ലെ സമ്മേളനം നടന്ന സ്ഥലം ഏത്?

(A) ലാഹോർ (B) ഡൽഹി

(C) കാൺപൂർ (D) ആഗ്ര

70. സ്വതന്ത്രഭാരത സർക്കാർ ആദ്യമായി നിയമിച്ച ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ അദ്ധ്യക്ഷൻ ആരായിരുന്നു?

(A) ഡി.എസ്. കോത്താരി (B) ജോൺ സാർജന്റ്

(C) ഡോ. എസ്സ്. രാധാകൃഷ്ണൻ (D) ലക്ഷ്മണസ്വാമി മുതലിയാർ



fb.com/pscnet.in

www.pscnet.in

71. Would you mind ———————— this letter?

(A) post
(B) posts
(C) posted
(D) posting

72. 'I wish it wasn't raining' means :

(A) It is raining
(B) It isn't raining
(C) It will rain
(D) It wasn't raining

73. He did not eat the cake; she did not eat it ————————.

(A) neither
(B) either
(C) or
(D) nor

74. The market is at the ———————— end of the city.

(A) farther
(B) further
(C) farthest
(D) feather

75. The boy had finished his homework when ————————.

(A) I called him
(B) I had called him
(C) I have called him
(D) I call him

76. She lives in Mumbai, ————————

(A) isn't she?
(B) doesn't she?
(C) don't she?
(D) is she?

77. You can telephone me ———————— you like.

(A) however
(B) whatever
(C) whenever
(D) whichever

78. If my father were there ————————

(A) he has helped you
(B) he will help you
(C) he would help you
(D) he would have helped you

79. It is impossible to separate belief ———————— emotion.

(A) with
(B) to
(C) for
(D) from

80. I appreciate her ———————— in her studies.

(A) regular
(B) regularly
(C) regularity
(D) regularize



fb.com/pscnet.in

81. The opposite of 'extravagance' is :
(A) miserliness
(B) incorporeal
(C) misfeasance
(D) intravagance

82. "All that ———— is not gold".
(A) shines
(B) glitters
(C) sparkles
(D) clatters

83. Many people ———— the poor.
(A) looked ahead to
(B) looked forward to
(C) looked on to
(D) looked down on

84. The announcement of the results ———— awaited.
(A) are
(B) is
(C) were
(D) am

85. He works eight hours ———— day.
(A) the
(B) one
(C) an
(D) a

86. Nothing ———— disturbs his sleep.
(A) never
(B) everytime
(C) sometimes
(D) ever

87. ———— is a synonym of 'hostile'.
(A) Unfriendly
(B) Credible
(C) Unhappiness
(D) Disobedient

88. One who knows everything :
(A) Omniscient
(B) Master
(C) Scholar
(D) Omnipotent

89. Find the correct spelling :
(A) Buraucracy
(B) Bureaucracy
(C) Buroucracy
(D) Burocracy

90. The older he got ———— he became.
(A) more happier
(B) happier
(C) the happier
(D) the happy



PSCNET.in

www.pscnet.in

91. 'നിണം' എന്ന് അർത്ഥം വരുന്ന പദം :

(A) സലിലം (B) ഏണം
(C) ധര (D) രുധിരം

92. ശരിയായ പദം എഴുതുക :

(A) പാദസരം (B) പാദസ്സരം
(C) പാദസൊരം (D) പാദസ്വരം

93. I didn't see any reason to disbelieve his statement - ഈ വാക്യത്തിന്റെ ഉചിതമായ തർജ്ജമ ഏത്?

(A) അയാളുടെ പ്രസ്താവന വിശ്വസിക്കാൻ ഞാൻ കാരണം കാണുന്നില്ല
(B) അയാളുടെ പ്രസ്താവന ഞാൻ വിശ്വസിക്കുന്നില്ല
(C) അയാളുടെ പ്രസ്താവന വിശ്വസിക്കാതിരിക്കാൻ ഞാൻ കാരണമൊന്നും കാണുന്നില്ല
(D) അയാളുടെ പ്രസ്താവനയിൽ വിശ്വസനീയമായ കാരണമൊന്നും ഞാൻ കാണുന്നില്ല

94. പെട്രോൾ വേഗത്തിൽ കത്തുന്നതാണ് - ഇതിന് സമാനമായ ഇംഗ്ലീഷ് വാക്യം :

(A) Petrol is inflammatory (B) Petrol is highly inflammable
(C) Petrol is not inflammable (D) Petrol causes inflammation

95. അമ്മ കട്ടിലിൽ ഇരുന്നു - ഈ വാക്യത്തിൽ വന്നിരിക്കുന്ന വിഭക്തി ഏത്?

(A) പ്രയോജിക (B) ആധാരിക
(C) സംയോജിക (D) പ്രതിഗ്രാഹിക

96. 'ദീപാളി കുളിക്കുക' എന്ന് അർത്ഥം വരുന്ന ശൈലി :

(A) പിശുക്ക് കാണിക്കുക (B) ധൂർത്തു കാണിക്കുക
(C) മിതമായി ചിലവാക്കുക (D) ആർത്തി കാണിക്കുക

97. കണ്ടുവെങ്കിൽ - ഇതിലെ സന്ധി :

(A) ആദേശസന്ധി (B) ലോപസന്ധി
(C) ആഗമസന്ധി (D) ദ്വിത്വസന്ധി

98. 'ചന്ത്രക്കാരൻ' ഏതു കൃതിയിലെ കഥാപാത്രമാണ്?

(A) രാമരാജബഹദൂർ (B) ഇന്ദുലേഖ
(C) ശാരദ (D) ധർമ്മരാജ

99. 2012-ലെ കേരള സാഹിത്യ അക്കാദമി അവാർഡു നേടിയ നോവൽ :

(A) ശ്യാമമേഘം (B) അന്ധകാരനഴി
(C) കുട്ടിപ്പട്ടാളത്തിന്റെ കേരള പര്യടനം (D) ഉപ്പന്റെ കൂവൽ വരയ്ക്കുന്നു

100. 'കേരളപാണിനി' - ആരുടെ തൂലികാനാമമാണ്?

(A) കേരളവർമ്മ വലിയ കോയിതമ്പുരാൻ (B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
(C) സി.വി. രാമൻപിള്ള (D) ഏ.ആർ. രാജരാജവർമ്മ



fb.com/pscnet.in